**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2023** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേരള ഗാന്ധി ശ്രീ. കെ. കേളപ്പജിയുടെ സ്മാരക നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മുചുകുന്നിൽ ശ്രീ. കെ. കേളപ്പജിയുടെ സ്മാരകം പണിയുന്നതിന് 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ 1.5 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ. കേളപ്പൻ സ്മാരകനിർമാണ പ്രവൃത്തിയുടെ തുക വകയിരുത്തിയിരിക്കുന്ന 2019-20 സാമ്പത്തിക വർഷത്തിൽ (2780 ഇനം പ്രകാരം) സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ 150 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് ആയതിന്റെ 20% ആയ 30 ലക്ഷം രൂപ (21/04/2022 പ്രകാരമുള്ള പൊതുമരാമത്ത് വകുപ്പിന്റെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ്) 4202-04-800-79-01 'കേരള ഗാന്ധി കെ. കേളപ്പൻ സ്മാരക നിർമ്മാണം' എന്ന ശീർഷകത്തിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്. സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖ്യനിയന്ത്ര ണാധികാരിയായ 4202-04-800-79-01 എന്ന ശീർഷകത്തിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ 8443-00-108-51 ഡെപോസിറ്റ് ശീർഷകത്തിൽ ഫണ്ട് ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. തുടർന്ന്, സ്മാരക നിർമ്മാണത്തിന് ഒന്നാം ഗഡു അനുവദിക്കണമെന്ന ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ച് വരുന്നു. പ്രസ്തുത വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സാംസ്കാരിക വകുപ്പ് ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടാൻ കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | പദ്ധതി ആരംഭിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇടപെടൽ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ